**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 204**
**14.07.2016 ലെ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി. ഡി. സതീശൻ<br>ശ്രീ.കെ. എസ്. ശബരീനാഥൻ | | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| **എ** | സംസ്ഥാനത്ത് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ-ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 13.11.2013 ലെ സ. ഉ.(എം.എസ്.)556/13/ധന നമ്പർ ഉത്തരവിനെ തുടർന്ന് വകുപ്പ് സംസ്ഥാനത്തെ നാല്പ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി കോ-ഇൻഷ്വറൻസ് ഉടമ്പടിയിൽ ഒപ്പുവെച്ചു. |
| **ബി** | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് അർഹതപ്പെട്ട മുഴുവൻ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സുകളും വകുപ്പ് മുഖേന നിർവ്വഹിക്കുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് വലിയൊരു തുക സമാഹരിക്കുക എന്നിവ കൂടാതെ പൊതുമേഖലാ കമ്പനികളുമായി സംയുക്തമായി ഇൻഷ്വറൻസ് ഇടപാട് നടത്തുന്നതിലൂടെ ലഭിക്കുന്ന അനുഭവസമ്പത്ത് വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. |
| **സി** | ഈ സംവിധാനത്തിന്റെ നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | പൊതുമേഖലാ കമ്പനികളുമായി സംയുക്തമായി ഇൻഷ്വറൻസ് ഇടപാട് നടത്തിയതിലൂടെ ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ അനുഭവസമ്പത്തുണ്ടാക്കുവാനും അഞ്ച് കോടിയിൽപ്പരം രൂപ സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് സമാഹരിക്കുവാനും സാധിച്ചു. |

സെക്ഷൻ ഓഫീസർ